ഈ വിധിക്കെതിരെ ഡിവിഷൻ ബഞ്ചിൽ അപ്പീൽ നൽകുകയും (ഡബ്ലിയു./എ. നം. 874/2003) അതിൻമേൽ ബഹു. കോടതി മേൽപ്പറഞ്ഞ പ്രകാരം സ്ഥിരപ്പെടുത്താനുള്ള സിങ്കിൾ ബഞ്ചിന്റെ ഉത്തരവ് സ്റ്റേ ചെയ്യുകയും ഉണ്ടായി. ഇതിന്റെ അടിസ്ഥാനത്തിലാണ് എംപാനൽ വ്യവസ്ഥയിൽ നിയമനം നടത്തിയത്.

(ബി) ജോലിയ്ക്ക് കൃത്യമായി ഹാജരാവാതെ ഐഡന്റിറ്റി കാർഡ് ദുരുപയോഗപ്പെടുത്തുന്നത് തടയുന്നതിന് വേണ്ടിയുള്ള ഈ നിബന്ധന പുനഃപരിശോധിക്കുന്നതിന് തൽക്കാലം ഉദ്ദേശമില്ല.

(സി) തേർഡ് ഗ്രേഡ് ജീവനക്കാരായിട്ടാണ് കണക്കാക്കിയിരിക്കുന്നത്.

(ഡി) വിവരം ലഭ്യമല്ല.

(ഇ) തൽക്കാലം ഉദ്ദേശമില്ല.

കെ. എസ്. ആർ. ടി. സി.-യിലെ റിസർവ്വ് ഡ്രൈവർമാരെ സ്ഥിരപ്പെടുത്തൽ

121 [2248] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ റിസർവ്വ് ഡ്രൈവർമാരായി പി. എസ്. സി. മുഖേന ജോലിയിൽ പ്രവേശിക്കുന്നവരെ റഗുലറൈസ് ചെയ്യുന്നതിന് നിലവിലുള്ള നടപടിക്രമം എന്താണ്;

(ബി) റിസർവ്വ് ഡ്രൈവർമാരായി ജോലിയിൽ പ്രവേശിച്ചവർ 240 ദിവസം ഡ്യൂട്ടി ചെയ്താൽ അവരെ സ്ഥിരപ്പെടുത്തണമെന്ന് നിലവിൽ വ്യവസ്ഥയുണ്ടോ;

(സി) എങ്കിൽ പി. എസ്. സി. മുഖേന നിയമനം ലഭിച്ച 360 ഡ്രൈവർമാരെ സ്ഥിരപ്പെടുത്താതിരിക്കാൻ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള ഒ.പി. നമ്പർ 378/01 പി. എസ്. സി. ഡ്രൈവർമാരുടെ നിയമനവുമായി ബന്ധപ്പെട്ടതാണോ;

(ഇ) അല്ലെങ്കിൽ അർഹതയുള്ള ആനുകൂല്യം നൽകാതിരിക്കുന്ന കെ. എസ്. ആർ. ടി. സി.-യുടെ നടപടി ഗവൺമെന്റ് പരിശോധിക്കുമോ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി.-യിൽ റിസർവ്വ് ഡ്രൈവർമാരായി പി. എസ്. സി. വഴി സ്ഥിരം നിയമനം ലഭിക്കുന്ന ജീവനക്കാർ 240 ദിവസം ഡ്യൂട്ടി ചെയ്താൽ സർവ്വീസിൽ റഗുലറൈസ് ചെയ്യുവാൻ വ്യവസ്ഥയുണ്ട്.

(ബി) സ്ഥിരം നിയമനം വഴി റിസർവ്വ് ഡ്രൈവർമാരായി ജോലിയിൽ പ്രവേശിച്ചവർ 240 ദിവസം ഡ്യൂട്ടി ചെയ്താൽ അവരെ സർവ്വീസിൽ റഗുലറൈസ് ചെയ്യുവാൻ വ്യവസ്ഥയുണ്ട്.

(സി) പി. എസ്. സി. വഴി നിയമനം ലഭിച്ച 360 ഡ്രൈവർമാരെ സ്ഥിരം വേക്കൻസി ഇല്ലാത്തതിനാൽ താൽക്കാലിക ഡ്രൈവർമാരായാണ് കെ. എസ്. ആർ. ടി. സി.-യിൽ നിയമിച്ചിട്ടുള്ളത്. താൽക്കാലിക ഡ്രൈവർമാരായി നിയമിച്ചിട്ടുള്ള ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ നടപടി കോടതി നിർദ്ദേശത്തിന് വിധേയമായി പൂർത്തിയാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അല്ല.

(ഇ) താൽക്കാലികമായി നിയമിച്ചിട്ടുള്ള എല്ലാ ജീവനക്കാർക്കും അർഹമായ ആനുകൂല്യം നൽകുന്നുണ്ട്.

കെ. എസ്. ആർ. ടി. സി.-യിൽ നിയമിതനായ എസ്.സി./എസ്.റ്റി. റിസർവ്വ് ഡ്രൈവർമാരുടെ വേതനം

122 [2249] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ നിയമിതരായ എസ്.സി./എസ്.റ്റി. റിസർവ്വ് ഡ്രൈവർമാർക്ക് ദിവസവേതനമല്ലാതെ മറ്റാനുകൂല്യങ്ങൾ നൽകുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര റിസർവ്വ് (എസ്.സി./എസ്.റ്റി.) ഡ്രൈവർമാരാണ് നിലവിലുള്ളത്;

(സി) ഇപ്പോൾ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

(ഡി) പ്രസ്തുത ഡ്രൈവർമാർക്ക് സ്ഥിരനിയമനം നൽകാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴി നിയമനം ലഭിച്ച എസ്.സി./എസ്.റ്റി. ഡ്രൈവർമാരെ കെ. എസ്. ആർ. ടി. സി.-യിൽ നിയമിക്കുമ്പോൾ ഡ്രൈവർമാരുടെ സ്ഥിരം വേക്കൻസി നിലവിലില്ലായിരുന്നു. അക്കാരണത്താൽ പ്രസ്തുത ജീവനക്കാരെ എംപാനൽ വ്യവസ്ഥയിലാണ് നിയമിച്ചിട്ടുള്ളത്. അത്തരം നിയമനത്തിന് അർഹമായ എല്ലാ ആനുകൂല്യങ്ങളും നൽകുന്നുണ്ട്.

(ബി) കെ. എസ്. ആർ. ടി. സി.-യിൽ റിസർവ്വ് ഡ്രൈവർമാരായി എസ്. സി/എസ്.റ്റി. വിഭാഗത്തിൽപ്പെട്ട 363 ഡ്രൈവർമാരെയാണ് നിയമിച്ചിട്ടുള്ളത്.

(സി) ഡ്യൂട്ടി ഒന്നിന് 120 രൂപ നിലവിലുള്ള കിലോമീറ്റർ അലവൻസ്, ഡ്യൂട്ടിയ്ക്ക് ഹാജരാകുന്നതിനുള്ള സൗജന്യ പാസ്സ് എന്നിവയാണ് ഇപ്പോൾ നൽകി വരുന്ന ആനുകൂല്യങ്ങൾ.

(ഡി) പി. എസ്. സി. വഴി നിയമനം ലഭിച്ച താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസിന്റെ തീരുമാനത്തിന് വിധേയമായി പ്രസ്തുത ഡ്രൈവർമാരേയും സ്ഥിരപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly